(ബി&സി) കുളമ്പുരോഗം ബാധിച്ച് ചത്തൊടുങ്ങിയ കന്നുകാലികളുടെ വിവരശേഖരണത്തിനായി മൃഗസംരക്ഷണ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ക്ഷീരവികസന വകുപ്പിൽനിന്നും കണക്കുകൾ ലഭ്യമല്ല.

(ഡി) മൃഗങ്ങളിലെ രോഗവിവര നിർണ്ണയവും ചികിത്സയും സംബന്ധിച്ചുള്ള അറിവും പ്രാഗത്ഭ്യവും മൃഗസംരക്ഷണ വകുപ്പിലാണുള്ളത്.

## മുട്ടക്കോഴി/ഇറച്ചിക്കോഴി വളർത്തൽ

197 (3404) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടക്കോഴി/ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കോഴി വളർത്തുന്ന കർഷകർക്ക് നല്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും എന്തെല്ലാം ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) കോഴിക്കുഞ്ഞുങ്ങളെയും തീറ്റയും നൽകി, കുഞ്ഞുങ്ങൾ പൂർണ്ണ വളർച്ചയെത്തിയതിനുശേഷം തിരിച്ചെടുക്കുന്ന പദ്ധതി നിലവിലുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) തിരിച്ചെടുക്കുന്ന കോഴികളിൽ നിന്നും കർഷകന് ലഭിക്കുന്ന ആദായം എത്രയാണെന്നറിയിക്കുമോ?

ഉത്തരം

(എ&ബി) മുട്ടക്കോഴി/ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശവും ഈ പദ്ധതികളിലൂടെ കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ഉണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദാശങ്ങളും തിരിച്ചെടുക്കുന്ന കോഴികളിൽ നിന്നും കർഷകന് ലഭിക്കുന്ന ആദായവും താഴെച്ചേർക്കുന്നു.

ഇന്റഗ്രേഷൻ പദ്ധതി :

സ്വന്തമായി സ്ഥലവും കുറഞ്ഞത് 2000 ചതുരശ്ര അടി വിസ്തീർണ്ണവുമുള്ള ഷെഡും കോഴിവളർത്തലിന് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങളുമുള്ള തൽപ്പരരായ കർഷകരെ ഉദ്ദേശിച്ചാണ് ഇന്റഗ്രേഷൻ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ ഇറച്ചിക്കോഴി വളർത്തലും മുട്ടക്കോഴി വളർത്തലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീറ്റ, മരുന്ന് എന്നിവ കോർപ്പറേഷൻ കർഷകർക്ക് നൽകുന്നു.

40-45 ദിവസം പ്രായമാകുമ്പോൾ ഇറച്ചിക്കോഴികളെ കോർപ്പറേഷൻ തിരിച്ചെടുത്ത് സ്വന്തം മീറ്റ് പ്രോസസിംഗ് പ്ലാന്റിൽ സംസ്കരിച്ച് കെപ്കോ ചിക്കൻ തയ്യാറാക്കുന്നു. കർഷകർക്ക് കിലോഗ്രാമിന് 10 രൂപ വരെ വളർത്തുകൂലിയായി ലഭിക്കുന്നു.

മുട്ടക്കോഴികൾക്ക് 45 ദിവസം പ്രായമാകുമ്പോൾ കോർപ്പറേഷൻ തിരിച്ചെടുത്ത് വിവിധ പദ്ധതികളിലൂടെ വിതരണം ചെയ്യുന്നു. വളർത്ത് കൂലിയായി ഒരു മുട്ടക്കോഴിക്ക് 8 രൂപ വരെ കർഷകർക്ക് ലഭിക്കുന്നതാണ്.

**ഗവൺമെന്റ് പ്രസ്സുകൾ**

198 (3405) ശ്രീ. പി. ശ്രീരാമകൃഷ്ണൻ:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. കെ. കെ. നാരായണൻ:
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഗവൺമെന്റ് പ്രസ്സുകളെ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; നിലവിലുള്ള പ്രസ്സുകളും സംവിധാനങ്ങളും പ്രിന്റിംഗ് ആവശ്യങ്ങൾക്ക് പര്യാപ്തമാണോ;

(ബി) സർക്കാർ പ്രസിദ്ധീകരണങ്ങൾ ഗവൺമെന്റ് പ്രസ്സുകളിൽ അച്ചടിക്കാതെ അവയുടെ അച്ചടി അന്യസംസ്ഥാനത്തിലേക്ക് മാറ്റുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഗവൺമെന്റ് പ്രസ്സുകൾ ആധുനികവത്ക്കരിച്ച് നവീന സാങ്കേതിക വിദ്യയിലുള്ള അച്ചടിയന്ത്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്സുകളിൽ യോഗ്യതയും പരിചയസമ്പത്തും തൊഴിൽ നൈപുണ്യവുമുള്ളവരുടെ കുറവ് നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly